പതിനാലാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 604** 29/11/2018 ൽ മറുപടിക്ക്

**ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.കെ.സി മമ്മത്കോയ** | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കോഴിക്കോട് ചെറുവണ്ണൂരിൽ പ്രവർത്തിക്കുന്ന സ്റ്റീൽ കോംപ്ലക്സ്(SAIL-SCL) ന്റെ ഇപ്പോഴത്തെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉത്പാദനം കൂട്ടുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും പുതിയ പദ്ധതികൾ ആലോചിക്കുന്നുണ്ടോ; | (ബി) കമ്പനിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ഒരു പദ്ധതി തയ്യാറാക്കുന്നതിനായി കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും സെയിലിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള ഉന്നതതല സമിതി കമ്പനിയുടെ പുനരുദ്ധാരണത്തിനുള്ള വഴികൾ വിശദമായി ചർച്ച ചെയ്യുകയും കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികളിലേക്ക് ആവശ്യമായ TMT കമ്പികൾ കമ്പനിയിൽ നിന്ന് വാങ്ങുന്ന കാര്യം സർക്കാർ ഉറപ്പ് വരുത്തുകയും പ്രതിമാസം 5500 ടൺ TMT കമ്പികൾ ഉൽപാദിപ്പിക്കാൻ ആവശ്യമായ billets കമ്പനിക്ക് ലഭ്യമാക്കാൻ സെയിൽ സാഹചര്യമൊരുക്കുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ നിർമാണ പ്രവർത്തനങ്ങൾക്ക് കമ്പനിയിൽ നിന്നും കമ്പികൾ വാങ്ങാൻ അനുമതി നൽകി സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിൽ ചുരുങ്ങിയത് 30 ശതമാനമെങ്കിലും നിർബന്ധമായും കമ്പനിയിൽ നിന്നും വാങ്ങണം |

| | |
|---|---|
| | എന്ന ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ് |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കമ്പനിക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;? | (സി) പ്രവർത്തന മൂലധനത്തിനും സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ അടക്കുന്നതിനും മറ്റുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കമ്പനിക്ക് 7,35,00,000 രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ